നിഴലിൽ

എം പി പ്രതീഷ്

for the prayer that holds us together

പാടത്തിന്റെ കരയ്ക്ക് പനമ്പൊത്തുകൾ
തത്തകളുടെ ഓരോ മടങ്ങിവരവിലും അനന്തമായ
ആകാശമിളകി ഓളം വെട്ടുന്നു

പ്രകാശിക്കുന്ന കല്ലുകൾ
അകന്നകന്നു പോകുന്നു
ഇരുളിന്റെ മുറിവുകൾ പതുക്കെ കരിയുന്നു

താരാപഥങ്ങളുടെ മൗനത്താൽ ചീവീടുകൾ
മണ്ണിൽനിന്നുണർന്നുവന്നു
ശിഖരങ്ങളിൽ കാത്തുനിന്നു

ആകാശച്ചെരുവുകൾ മരങ്ങളിൽനിന്ന് വേർപെടുന്നു
ഒരീണം അവിടെ നിറയുന്നു

ഇരുളാർന്ന തടാകപ്പരപ്പിനുമേൽ മേഘങ്ങൾ
ഭാരം കൊണ്ട് നക്ഷത്രങ്ങൾ താണുപോകുന്നു

പാറ്റകളുടെ ചിറകിൽ ഒന്നരുമ്മിക്കൊണ്ട് തിരിയുന്ന
അകലുന്ന നിഴലേറ്റ വിദൂരഗ്രഹം

ഇലകളിൽ സുഷിരങ്ങളുണ്ടാക്കുന്നതാരാണ്
ഇലകളുടെ വാക്കിലൂടെ കടന്നുപോകുന്നതെന്താണ്
പൊഴിയുന്ന പൊഴിയുന്ന വിദൂരത

വേറൊരു സ്വപ്നത്തിൽനിന്ന് വരുന്നു
ദേഹത്തെ പൊടി ളുത്തുകളയുന്നു
അല്പനേരം ഇവിടെ ഇരിക്കുന്നു

ഉറങ്ങുമ്പോൾ നമ്മുടെ ശ്വാസതാരകൾക്കുമീതെ
രൂപരഹിതമായ വാക്കുകൾ വന്നുവീഴുകയായി

വിദൂരതകൾ മായുന്നു
വെള്ളവും കല്ലും ഒരേപോലെ
ഈ നിറത്തിനുള്ളിലൂടെ കടക്കുന്നു

എത്ര നേരമാണ് ഈ താരങ്ങൾ
എത്ര അകലമാണ് ഈ നിഴൽച്ചുരുളുകൾ

അണയുന്നവ വീണ്ടുമുരുവായി
ആളുന്നവ വീണ്ടുമണഞ്ഞു
ഈ മുറ്റം നിറയെ ഏകാന്തമായ കാൽപ്പെരുമാറ്റം

ഗ്രഹങ്ങളെ ചുറ്റുന്ന മരണങ്ങൾ
അവയുടെ പ്രകാശവലയങ്ങൾ
ഈ പൂവുകൾക്ക് നൽകുന്നു

മുലപ്പാലിന്റെ തണുപ്പിനാൽ രാത്രിയുടെ കരടുകൾ
നീങ്ങിനീങ്ങിത്തെളിയുന്നു

നീർച്ചുഴിയുടെ കണ്ണിലേക്ക് ഒരു പച്ചില
ദുഃഖത്തിന്റെ നിറം

കാറ്റിൽ മുറിവുകൾ നീറുന്നു
ശമനമില്ലാതെ
ഗ്രഹങ്ങളും ധൂമകേതുക്കളും

ശൂന്യതയുടെ മിന്നലുകൾ ഉടലിനെ മായ്ക്കുന്നു
മായലിനെ മായ്ക്കുന്നു

ഏതിഴയിലാണ സൂര്യൻ
ഏതിഴയിലാണ ചന്ദ്രൻ
പുഴുവും പാറ്റയും
ഏതിഴയിലാണ കാലം

വെളിച്ചത്തിന്റെ കൂടെ പച്ചനിറം
പ്രപഞ്ചത്തിന്റെ നിറമായിരുന്ന ഇരുൾ
എല്ലാ മാളങ്ങളിലും

പായലിന്റെ നാരുകൾക്കിടയിൽ
ഭാരമില്ലാത്ത ഇരുൾ
ഗ്രഹങ്ങൾക്കിടയിലെ ശ്വാസം

പാറക്കെട്ടുകളുടെ ഇരുളിനുമീതെ
നിശ്ശബ്ദതയുടെ നിഴൽ പൊതിയുന്നു
കേൾക്കാവുന്നത്ര ചെറിയ സ്വരങ്ങൾ

പഴങ്ങളിൽനിന്ന് പാറ്റകളിൽനിന്ന്
വെളിച്ചമകലുന്നു

പ്രപഞ്ചങ്ങൾക്കിടയിൽ
വീണുപോയ കളിപ്പന്ത് നീങ്ങിനീങ്ങി വന്ന്
നിശ്ചലമാകുന്നു

രണ്ടു വാക്കുകൾക്കിടയിൽ സന്ധ്യയിൽ
ചെറിയ തീത്താരങ്ങൾ വന്നുനിൽക്കുന്നു

മരങ്ങളിലും പാറകളിലും ഓർമ്മവയ്ക്കുന്നു

പ്രകാശം

മഞ്ഞുരുകുന്ന
കുളമ്പടയാളങ്ങൾ സൂര്യനോടടുക്കുന്നു

തുമ്പിച്ചിറക് താരങ്ങളെ മറച്ചുപിടിക്കുകയാണ് എങ്കിലും
വെളിച്ചം ഇപ്പുറത്ത് എത്തുന്നു

വെള്ളത്തിലാഴ്ന്ന ഗ്രഹങ്ങളും നക്ഷത്രരാശികളും
പതുക്കെപ്പതുക്കെ അഴിയുന്ന
വേർപെടുന്നു

പുഴവുറങ്ങുമ്പോൾ
നമ്മുടെ സ്വപ്നത്തിനുള്ളിലൂടെ
ഒരു പഞ്ഞിനൂൽ കടന്നുപോകുന്നു

നനഞ്ഞ പല്ലിലൂടെ നീങ്ങുന്ന മൃഗം
നക്ഷത്രത്തെ നോക്കന്നു
അതിന്റെ ഈണത്തിനു കാതോർക്കുന്നു

മാളങ്ങളിൽ നിറയുന്ന രാത്രി
ഉദിക്കുകയും അസ്തമിക്കുകയും
ചെയ്യുന്ന ഗ്രഹചരണങ്ങൾ

കൂട്ടത്തിൽനിന്നു വേർപെട്ട ഒരു മേഘപടലം
വേലിപ്പടർപ്പിൽ വന്നുകരയുന്ന രാത്രി

പാറകളിൽ നഖംകൊണ്ടു വരയുമ്പോൾ
ഊണങ്ങളും പായലുകളും പൊടിഞ്ഞുണർന്നു

മൗനത്തിനു മീതെ മൗനം വന്നടിയുന്നു
ഭാരത്താലുലയുന്ന ചില്ലകളും
കിളികൾ കായ്കനികൾ

ഇലകളിൽനിന്ന് നിറം
വാർന്നുപോകുന്നതിന്റെ ഈണത്താൽ
ജലരാശികൾ തുളുമ്പുന്നു

ഉള്ളംകാലിലെ കലകൾ
അശാന്തമായ രാത്രിയ്ക്കുമീതെ
വീണ പൊള്ളുന്ന താരങ്ങൾ
ഭാരമേറിയ വിദൂരത

ഭ്രമിയുടെ താരാട്ട്
കടൽനീലയ്ക്കുമീതെ തെന്നുന്നു

നക്ഷത്ര നിഴലിൽ
കിളികൾ

ഇലകളോ കായ്കളോ
അകലെയുള്ള ഗ്രഹങ്ങൾ അടരുന്നു

ഇരുളിൽ വിദൂരമായി നീങ്ങുന്ന
ഒരു പാറക്കല്ലിൽ മുഖംനോക്കി നിൽക്കുന്നു

ഭ്രമിയ്ക്കുള്ളിൽ അണയാത്ത നാളങ്ങൾ
ഉടലിനുള്ളിൽ തുളുമ്പുന്ന കാറ്റ്
ഈ നിശബ്ദമായ താരയിലേക്ക് വന്നു

Nizhalil © 2026 by m p pratheesh is licensed under Creative Commons Attribution-NonCommercial-NoDerivatives 4.0 International. To view a copy of this license, visit https://creativecommons.org/licenses/by-nc-nd/4.0/